LIBRARY ARCHIVES Kerala Legislative Assembly

പൈപ്പ് പൊട്ടുന്നതുകൊണ്ട് തകരുന്ന റോഡു നന്നാക്കുന്നതിനുള്ള ചുമതല

149 (746) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് പൊട്ടുന്നതുമൂലം തകരാറിലാകുന്ന റോഡു നന്നാക്കാനുള്ള ചുമതല ഇപ്പോൾ ആർക്കാണെന്ന് വ്യക്തമാക്കുമോ ;

(ബി) വാട്ടർ അതോറിറ്റിയുടെ പൈപ്പ് പൊട്ടി തകരാറിലാകുന്ന റോഡ് യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നതിൽ വീഴ്ച സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് പൊട്ടുന്നതുമൂലം തകരാറിലാകുന്ന റോഡു നന്നാക്കാനുള്ള ചുമതല PWD, LSGD, KRFB, KSUDP തുടങ്ങിയ സർക്കാർ ഏജൻസികൾക്കാണ്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് പൊട്ടി തകരാറിലാകുന്ന റോഡിലെ കുഴികൾ, പൈപ്പ് ലൈനിന്റെ അറ്റകുറ്റപ്പണി നടത്തിയതിനു ശേഷം യഥാസമയം വാട്ടർ അതോറിറ്റി തന്നെ നികത്താറുണ്ട്. ഇതിനു മുകളിൽ വീണ്ടും ടാർ ചെയ്യുന്നത് പ്രസ്തുത റോഡുകളുടെ സംരക്ഷണ ചുമതലയുള്ള സർക്കാർ ഏജൻസികളാണ്.

പേരൂർക്കടയിലെ ഡ്രെയിനേജ് കണക്ഷൻ

150 (747) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പേരൂർക്കട മണ്ണാംമൂലയിലുള്ള എം. ആർ. എ. നിവാസികൾക്ക് 16-10-2007-ൽ ഐ.എം.807/07/എം(ഡബ്ല്യു. ആർ) വി.ഐ.പി. പ്രകാരവും, 15-7-2009-ൽ ഐ.എം 603/എംഡബ്ല്യൂ.ആർ.) വി.ഐ.പി പ്രകാരവും ഡ്രെയിനേജ് കണക്ഷൻ കൊടുക്കാൻ രണ്ട് ഉത്തരവുകൾ മേലധികാരികൾക്ക് നൽകിയിട്ട് പ്രസ്തുത ജോലിയുടെ വെറും 50 മീറ്റർ ജോലിചെയ്ത് ബാക്കിയുള്ള പ്രധാന ഭാഗത്തിന്റെ പണി ചെയ്യാതെ ഇവിടത്തെ നിവാസികളെ വളരെ കഷ്ടപ്പെടുത്തുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ ;

(ബി) ഈ ഡ്രെയിനേജ് പണി പൂർത്തിയാക്കാത്തതിനെക്കുറിച്ച് പന്ത്രണ്ടാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ 19-2-2009-ൽ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 727 ആയും പതിനാലാം സമ്മേളനത്തിൽ 3-3-2010-ൽ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 663 ആയും പതിനാഞ്ചാം സമ്മേളനത്തിൽ 22-7-2010-ൽ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 5054 ആയും മൂന്ന് പ്രാവശ്യവും ചോദ്യം ഉന്നയിച്ചപ്പോൾ നടപടി സ്വീകരിക്കാമെന്ന് മറുപടിതന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) രണ്ട് ഉത്തരവുകളും നിയമസഭയിൽ മൂന്നുതവണ പ്രസ്തുത കാര്യത്തിൽ ചോദിച്ചതിൽ അനുകൂല നടപടി ഉണ്ടാകുമെന്ന് സഭയിൽ ഉറപ്പ് നൽകിയിട്ടും ഇത് നടപ്പാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാൻ തയ്യാറാകുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) ഡ്രെയിനേജ് ഇല്ലാത്തതിനാൽ ഇവിടത്തെ നിവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് പ്രസ്തുത പണി അടിയന്തരമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മൂന്ന് മേഖലകളായി തിരിച്ച പ്രവൃത്തിയുടെ ഒന്നാം മേഖലയിലെ 50 മീറ്റർ ഭാഗത്തെ പണി 30-4-2010-ൽ പൂർത്തീകരിക്കുകയുണ്ടായി. രണ്ടും മൂന്നും മേഖലകളുടെ ടെണ്ടർ 30-4-2010-ൽ ക്ഷണിച്ചിരുന്നുവെങ്കിലും ആരും വർക്കെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ 20-5-2010-ൽ റീ-ടെണ്ടർ ചെയ്യുകയും രണ്ടാം മേഖലയുടെ പണി മാത്രം ഒരു കരാറുകാരൻ എടുക്കുകയും 12-7-2010-ൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) രണ്ടും മൂന്നും മേഖലകളുടെ ടെണ്ടർ 30-4-2010-ൽ ക്ഷണിച്ചിരുന്നുവെങ്കിലും ആരും വർക്കെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ 20-5-2010-ൽ റീ-ടെണ്ടർ ചെയ്യുകയും രണ്ടാം മേഖലയുടെ പണി മാത്രം ഒരു കരാറുകാരൻ എടുക്കുകയും 12-7-2010-ൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഭാഗത്ത് ആഴമേറിയതും ദൃഢമായതുമായ പാറയുള്ള (6 മീറ്റർ താഴ്ചയിൽ) പ്രദേശമാണ്. പണി തുടങ്ങുന്നതിന് പല പ്രാവശ്യം നിർദ്ദേശം നൽകിയിരുന്നുവെങ്കിലും പ്രദേശത്തോട് ചേർന്ന് വീടുകൾ ഉള്ളതിനാലും പാറ പൊട്ടിക്കുമ്പോൾ വീടുകൾക്ക് കേടുപാടുകൾ സംഭവിക്കുമെന്നുള്ളതിനാലും പ്രസ്തുത കോൺട്രാക്ടർ പണി ചെയ്യുന്നതിൽനിന്നും പിന്നോക്കം പോയിരിക്കുകയാണ്. ആയതുകൊണ്ട് പ്രസ്തുത കോൺട്രാക്ടറുടെ റിസ്ക് ആന്റ് കോസ്റ്റിൽ പണി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) റസിഡന്റ്സ് അസോസിയേഷൻ മുഖാന്തിരം സമീപത്തെ വീട്ടുകാരന്റെ സമ്മതത്തോടുകൂടി സ്ഥലത്തിന്റെ അതിരിൽ കൂടി പൈപ്പുലൈൻ ഇടുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. രണ്ടാം മേഖലയുടെ പണി എത്രയും വേഗം പൂർത്തീകരിക്കുവാനും മൂന്നാം ഭാഗത്തിന്റെ റീ-ടെണ്ടർ നടപടി പൂർത്തീകരിച്ച് പണി ആരംഭിച്ച് എത്രയും വേഗം പൂർത്തീയാക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly